LIBRARY ARCHIVES Kerala Legislative Assembly

## രാഷ്ട്രീയ പാർട്ടിയോഗങ്ങളിലെ അക്രമ സംഭവങ്ങൾ

167 [830] ശ്രീ. ടി. കെ. ദേവകുമാർ:

" എം. വി. ജയരാജൻ:

" കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പങ്കെടുത്ത രാഷ്ട്രീയ പാർട്ടികളുടെ ഉന്നതതല യോഗങ്ങൾ നടക്കുന്ന അവസരങ്ങളിൽ പ്രസ്തുത സ്ഥലങ്ങൾ പോലീസ് മുൻകൂട്ടി പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ട് പോലീസ് മേധാവികൾക്കും സർക്കാരിനും നൽകാറുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്;

(സി) 2004 മേയ്, ജൂൺ മാസങ്ങളിൽ മുഖ്യമന്ത്രി പങ്കെടുത്ത എത്ര രാഷ്ട്രീയ പാർട്ടി യോഗങ്ങളിൽ അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; അവ ഏതെല്ലാം;

(ഡി) ഈ അക്രമ സംഭവങ്ങൾ നടക്കുമെന്ന് മുൻകൂട്ടി അറിവു ലഭിച്ചിട്ടും മുഖ്യമന്ത്രി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ആക്രമങ്ങൾ നടന്നതിനുത്തരവാദികളായവർക്കെതിരെയും, മുഖ്യമന്ത്രിയുടെ സെക്യൂരിറ്റിയിൽ വീഴ്ച പറ്റിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ ആന്റ് ബി) മുഖ്യമന്ത്രി പങ്കെടുക്കുന്ന എല്ലാ യോഗങ്ങളിലും പൊതു പരിപാടികളിലും ഇന്റലിജൻസിൽ നിന്നും മുൻകൂട്ടി ലഭിക്കുന്ന വിവരം അനുസരിച്ച് ആന്റി സബോട്ടേജ്, ഡോഗ് സ്കാഡ്, ബോംബ് സ്കാഡ് എന്നിവയെക്കൊണ്ട് ശക്തമായ പരിശോധനകൾ നടത്തിയും ഇതിനുപുറമേ ആവശ്യമായ പോലീസ് പാർട്ടിയെ നിയോഗിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. ഈ പരിശോധനാ വിവരങ്ങൾ അതാത് മേലുദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തുവരുന്നു. ഇങ്ങനെ നടത്തുന്ന പരിശോധനാ വിവരങ്ങൾ സർക്കാരിനെ അറിയിക്കാറില്ല.

(സി) 2-6-2004-ൽ കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗ സ്ഥലത്തിനു പുറത്ത് സംഘർഷം ഉണ്ടാക്കാൻ സാദ്ധ്യതയുണ്ടെന്നുള്ള മുൻകൂട്ടി അറിവു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പടി യോഗം നടക്കുന്ന കാമ്പൗണ്ടിനു പുറത്ത് ആവശ്യമായ പോലീസ് സേനയെ കന്റോൺമെന്റ് എ.സി.-യുടെ നേതൃത്വത്തിൽ നിയമിച്ച് മുൻകരുതൽ എടുത്തിരുന്നു. കാമ്പൗണ്ടിനകത്ത് സംഘട്ടനം നടക്കുന്നുണ്ടെന്ന വിവരം ലഭിച്ച ഉടനെ തന്നെ എ.സി.-യുടെ

നേതൃത്വത്തിൽ പോലീസ് സേന കാമ്പൗണ്ടിൽ പ്രവേശിച്ച് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുള്ളതാണ്. ഈ സംഭവത്തെ സംബന്ധിച്ച് മ്യൂസിയം പി.എസ്. ക്രൈം നമ്പർ, 195/04 കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ സംഭവത്തിൽ പോലീസുദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായതായി കരുതുന്നില്ല.

## വിജിലൻസ്/സി.ബി.ഐ. കേസ്സുകൾ

168 [832] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.ഐ. അന്വേഷിക്കുന്ന എത്ര കേസ്സുകളുണ്ട്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര വിജിലൻസ് കേസ്സുകൾ നിലവിലുണ്ടെന്നും അതിൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ എത്ര വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്നും അതിൽ എത്രപേർ സർവ്വീസിലുള്ളവരാണെന്നും സസ്പെൻഷനിൽ കഴിയുന്നവർ എത്ര പേരുണ്ടെന്നും അറിയിക്കുമോ;

### ഉത്തരം

(എ) 32 കേസ്സുകൾ.

(ബി) 516 കേസ്സുകൾ നിലവിലുണ്ട്. ഇതിൽ 20 കേസ്സുകൾ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ളതാണ്. ഈ 20 കേസ്സുകളിലായി 28 പോലീസ് ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 11 പേർ സർവ്വീസിലുള്ളവരും 12 പേർ സസ്പെൻഷനിലും 5 പേർ റിട്ടർ ചെയ്തവരുമാണ്.

## ഗുണ്ടാ ആക്രമണം തടയുന്നതിന് നടപടി

169 [838] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം ഗുണ്ടാ ആക്രമണവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഗുണ്ടകളും രാഷ്ട്രീയ നേതാക്കളും പ്രതികളായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിവരം നൽകുമോ;

(സി) ഗുണ്ടകളും പോലീസ് ഉദ്യോഗസ്ഥരും പ്രതികളായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly